നമ്പർ: എ.2/1418/2015/ടി.ബി.ഒ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 08.09.2016

## സർക്കുലർ

**വിഷയം:-** **പൊതുവിദ്യാഭ്യാസം - 2016-17 അധ്യയനവർഷത്തെ ഒന്നു മുതൽ പത്തു വരെ ക്ലാസുകളിലേക്കുള്ള പാഠപുസ്തകങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ഐടി@സ്കൂളിന്റെ മേൽനോട്ടത്തിൽ ഇ-മോണിറ്ററിംഗ് ഏർപ്പെടുത്തി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു**

സൂചന:-
1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02.06.2016-ലെ എ 2/1418/2015/റ്റി.ബി.ഒ നമ്പർ സർക്കുലർ.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16.06.2016-ലെ ക്യൂ.ഐ.പി2/ 30859/ഡിപിഐ/2016 നമ്പർ സർക്കുലർ.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് യഥാസമയം പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നു എന്നുറപ്പാക്കാൻ ഈ വർഷം ഐടി @ സ്കൂളിന്റെ നേതൃത്വത്തിൽ വിതരണപ്രക്രിയകൂടി ഇ-മോണിറ്ററിംഗിന്റെ ഭാഗമാക്കുകയാണ്. ഇതിൻപ്രകാരം പുസ്തകങ്ങളുടെ രണ്ടാം വാല്യം പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കൂൾ സൊസൈറ്റികൾ മുഖേന ലഭ്യമാക്കേണ്ടതാണ്. സ്കൂൾ സൊസൈറ്റികളിൽ ലഭിക്കുന്ന പുസ്തകങ്ങളുടെയും അവിടെ നിന്ന് സ്കൂളുകളിലേക്ക് വിതരണം ചെയ്യുന്ന പുസ്തകങ്ങളുടെയും വിശദാംശങ്ങൾ ഓരോ സൊസൈറ്റിയും ഓൺലൈൻ സംവിധാനത്തിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതു സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1) www.itschool.gov.in എന്ന വെബ്സൈറ്റിലെ 'Text Book Monitoring System 2016-17'-ൽ സൊസൈറ്റികൾക്ക് നൽകിയിട്ടുള്ള യൂസർ നെയിം, പാസ്‌വേഡ് (സമ്പൂർണ്ണ) നൽകി ലോഗിൻ ചെയ്യുക.
2) ലോഗിൻ ചെയ്യുമ്പോൾ ലഭിക്കുന്ന ജാലകത്തിലെ മെനുവിൽ നിന്ന് 'Society-wise Details' തെരഞ്ഞെടുത്ത് Entry Form-ൽ 'Books Received in Society on' എന്ന കോളത്തിൽ അന്നുവരെ ലഭിച്ച പുസ്തകങ്ങളുടെ എണ്ണം രേഖപ്പെടുത്തേണ്ടതാണ്.
3) 'Books Distributed to Schools on' എന്ന കോളത്തിൽ സൊസൈറ്റിയിൽ നിന്നും വിതരണം ചെയ്ത പുസ്തകങ്ങളുടെ എണ്ണവും രേഖപ്പെടുത്തേണ്ടതാണ്.
4) രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണെന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷം സേവ് ചെയ്യുക.
5) സൊസൈറ്റിയിൽ പുസ്തകങ്ങൾ എത്തുന്ന മുറയ്ക്കും സൊസൈറ്റിയിൽ നിന്നു പുസ്തകങ്ങൾ വിതരണം ചെയ്യുന്ന മുറയ്ക്കും ഈ പ്രവർത്തനങ്ങൾ തുടരേണ്ടതാണ്.
6) സൊസൈറ്റികളിലേക്ക് ലഭിക്കുന്ന പുസ്തകങ്ങളുടെ വിശദാംശങ്ങളും വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാക്കുന്നതും വിതരണം ചെയ്ത വിശദാംശങ്ങൾ ഓൺലൈനിൽ ഉൾപ്പെടുത്തുന്നതും ഉൾപ്പെടെ പാഠപുസ്തക വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിന്റെ മോണിറ്ററിംഗിന് വിദ്യാഭ്യാസ വകുപ്പ് പ്രത്യേക സംവിധാനം ഏർപ്പെടുത്തും.
7) സാങ്കേതിക സഹായം ആവശ്യമെങ്കിൽ ഐടി@സ്കൂൾ പ്രോജക്ടിന്റെ സ്റ്റേറ്റ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ് ( **0471-2529800 (extn: 852).**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ പ്രോജക്ട്
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
ഐടി @ സ്കൂൾ പ്രോജക്ടിലെ എല്ലാ ജില്ലാ കോർഡിനേറ്റർമാർക്കും
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
സ്റ്റോക്ക് ഫയൽ